ഭരണഭാഷ-മാതൃഭാഷ

നം. WEC -1-3931/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം.
തീയതി: 25.02.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - അന്താരാഷ്ട്ര വനിതാദിനം 2021- ജില്ലാ തലത്തിൽ വാരാചരണ പരിപാടികൾ സംഘടിപ്പിക്കുന്നത് -മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:
(1) അന്താരാഷ്ട്ര വനിതാദിനം മാർച്ച് 08,2021
(2) 24.02.2021 തീയതിയിലെ WEC1-3931/2021 നമ്പർ നടപടിക്രമങ്ങൾ.
(3) 24.02.2021-ലെ WEC 4-19975/19 നമ്പർ കത്ത്.
(4) 24.02.2021 -ലെ WEC 5-19458/18 നമ്പർ പരിപത്രം

എല്ലാ വർഷത്തേയും പോലെ വനിതാ ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2021 വർഷത്തെ അന്താരാഷ്ട്ര വനിതാദിനവാരാചരണ പരിപാടികൾ സമുചിതമായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും അങ്കണവാടിതലത്തിലും വനിതാ ദിനത്തിന്റെ ഭാഗമായി കോവിഡ് സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിവിധ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ആയിരിക്കണം പരിപാടികൾ സംഘടിപ്പിക്കേണ്ടത്. എല്ലാ കീഴ്ക്കാര്യലയങ്ങളും പരിപാടികൾ പരാതിക്കിടനൽകാതെ വിജയകരമാക്കുവാൻ പൂർണ്ണമായ സഹകരണം നൽകേണ്ടതാണ്.

ഈ വർഷം വനിതാദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 25 മുതൽ മാർച്ച് 25 വരെ വകുപ്പിലെ ഉദ്യോഗസ്ഥർ വഴി യോഗങ്ങൾ, സെമിനാറുകൾ, വെബിനാറുകൾ, പരേഡുകൾ സാഹസിക പരിപാടികൾ, കലാപരിപാടികൾ, സ്ത്രീകൾക്ക് വേണ്ടി കരിയർ ഗൈഡൻസ്, എംപ്ലോയ്മെന്റ്

രജിസ്ട്രേഷൻ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. ആയതിന്റെ ഭാഗമായി സൂചന (2) ൽ പരാമർശിച്ച പ്രകാരം പ്രസ്തുത കാലയളവിൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ സഹകരണത്തോടുകൂടി എല്ലാ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ, സി.ഡി.പി.ഒ എന്നിവർ ജാഗ്രതാ സമിതി മീറ്റിംഗുകൾ സംഘടിപ്പിക്കേണ്ടതും എല്ലാ വാർഡുകളിലും വാർഡ്തല ജാഗ്രത സമിതി മീറ്റിംഗുകൾ അങ്കണവാടി പ്രവർത്തകർ വഴി സംഘടിപ്പിക്കേണ്ടതുമാണ്.

സൂചന (3) പ്രകാരം തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദവും അനുയോജ്യമാക്കുന്നതിന്റെ ഭാഗമായി പത്തോ അതിലധികമോ സ്ഥിരം, താൽകാലിക, വോളന്റിയർ ജീവനക്കാരുള്ള തൊഴിലിടങ്ങളിൽ അങ്കണവാടി വർക്കർ മുഖാന്തിരം അതത് അങ്കണവാടി സർവ്വേ ഏരിയയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ 25.02.2021 മുതൽ 28.02.2021 വരെ പരിശോധന നടത്തേണ്ടതും പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ ഗൂഗിൾ ഫോമിൽ പൂരിപ്പിച്ച് ഫോൺ മുഖാന്തിരം യഥാസമയം അറിയിക്കേണ്ടതുമാണ്. തുടർന്ന് നാളിതുവരെ ലഭിച്ചതും, upload ചെയ്തതുമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിലെ തൊഴിലുടമ/അധികാരി/ ഇന്റേണൽ കമ്മിറ്റി ചെയർപേഴ്‌സൺ/ മെമ്പർമാർ എന്നിവർക്ക് സൂചന (4) പ്രകാരം പരിശീലനം നൽകേണ്ടതാണ്. എല്ലാ ജില്ലകളിലും 100 പേർ വീതമുള്ള 10 ബാച്ചുകളിൽ കുറയാതെ പരിശീലനം നൽകേണ്ടതാണ്. ഇതിനാവശ്യമായ തുക മേൽ സൂചന (2) പ്രകാരം അനുവദിച്ചിട്ടുണ്ട്. വനിത ദിനാവാരാചരണത്തോടനുബന്ധിച്ച് കാലിക പ്രസക്തമായ വിവിധ വിഷയങ്ങളിൽ ഊന്നൽ നൽകി ഒരോ ജില്ലകൾക്കും ബോധവത്കരണ പരിപാടികൾ, ചർച്ചകൾ, സെമിനാറുകൾ, വെബിനാറുകൾ മറ്റുപരിപാടികൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

ഈ വർഷത്തെ വനിതാ ദിന തീം **" Women in Leadership : Achieving an equal future in Covid 19 World"** എന്നതാണ്.അതായത് **"കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ തുല്യഭാവി കൈവരിക്കാൻ സ്ത്രീ നേതൃത്വം"** എന്നതാണ്. ആയതിന്റെ ഭാഗമായി 2021 മാർച്ച് 1 മുതൽ 5 വരെ ജില്ലാതലത്തിൽ താഴെപ്പറയുന്ന വിഷയങ്ങളിൽമേൽ വെബിനാറുകൾ, സെമിനാറുകൾ, ഡിബേറ്റുകൾ, ചർച്ചകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

1. Gender Perspective in Disaster

a. Women's safety reproductive health and unplanned pregnancy, spacing, ഗർഭ നിരോധന മാർഗ്ഗങ്ങളുടെ ലഭ്യത.

2. Gender Perspective in health and nutrition.
3. Gender perspective at work.
4. തൊഴിൽ പങ്കാളിത്തം കൂട്ടുന്നതിനായി, തുല്യ അവസരങ്ങൾ ലഭിക്കുന്നതിനായി കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി തൊഴിൽ ഉന്നമനത്തിനായി, തൊഴിൽ തടസ്സങ്ങൾ മാറ്റുന്നതിനായി.
5. സ്ത്രീ നേതൃത്വത്തിൽ : സ്ത്രീ ശബ്ദം; തൊഴിലിടങ്ങളിൽ , കുടുംബത്തിൽ, പൊതുയിടങ്ങളിൽ, അധികാര കേന്ദ്രങ്ങളിലും.
6. അടുത്തതായി 06.03.2021 , 07.03.2021 തീയതികളിൽ breaking stereo types-ന്റെ ഭാഗമായി സാഹസിക പരിപാടികൾ മറ്റു പരിപാടികൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.
7. 2021 മാർച്ച് 08 ന് വനിതാ ദിനത്തോടനുബന്ധിച്ച് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ സംഘടിപ്പിച്ച് കോവിഡ് പ്രോട്ടോകോൾ പാലിച്ച് Women's Day പരേഡുകൾ സംഘടിപ്പിക്കുവാനും നേഴ്സ് പോലീസ്, ഡ്രൈവേഴ്സ് , സെയിൽസ് ഗേൾസ്, സ്വയം തൊഴിൽ മേഖലയിലുള്ളവർ, സംഘടിത/അസംഘടിത മേഖലയിലുള്ള അസോസിയേഷൻ അംഗങ്ങൾ) NSS, NCC വനിതാ വോളയന്റിയർമാർ എന്നിവരെ പങ്കെടുപ്പിച്ച് വനിതാ ദിന പരിപാടികൾ ആരംഭിക്കുകയും കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി സംയോജിപ്പിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ മേള, കരിയർഗൈഡൻസ് എന്നിവ സംഘടിപ്പിക്കാവുന്നതും. കൂടാതെ **കാതോർത്ത്** online consultation പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്ക് നിയമ, പോലീസ്, മാനസിക കൗസലിംഗുകൾ എന്നിവ സംഘടിപ്പിക്കേണ്ടതുമാണ്.

അന്താരാഷ്ട്ര വനിതാ ദിനാചരണത്തിന്റെ പ്രധാന്യവും പ്രസക്തിയും ജീവിതത്തിന്റെ നാനാതുറകളിലുള്ളവരിൽ ഫലപ്രദമായി എത്തിക്കാനുതകുന്ന തരത്തിൽ പരിപാടികൾ സംഘടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, കോവിഡ് പ്രോട്ടോകോൾ എല്ലാ തലത്തിലും

പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ജില്ലയിലെ എല്ലാ കീഴ് കാര്യാലയങ്ങളുടേയും സജീവ പങ്കാളിത്തം എല്ലാ പ്രോഗ്രാമുകളിലും ഉറപ്പുവരുത്തേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

**എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും.**

പകർപ്പ്

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

എല്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും.

ഫയൽ/ സ്റ്റോക്ക് ഫയൽ